തിരുമുല്പാട് ഫൗണ്ടേഷൻ ഡിസംബർ 2020 ലക്കം

# വൈദ്യസംവാദം



വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുല്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

# കർമ്മപരിചയം

വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുല്പാട്

"അഭ്യാസാത് പ്രാപ്യതേ ദൃഷ്ടിഃ കർമ്മസിദ്ധിപ്രകാശിനീ
രത്നാദിസദസദ്ജ്ഞാനം ശാസ്ത്രാദേവ ന സിദ്ധ്യതി"

"കർമ്മത്തിന്റെ സിദ്ധിയെ പ്രകാശിപ്പിക്കുന്നതിനുള്ള കഴിവ്, അഭ്യാസം കൊണ്ടേ സിദ്ധിക്കുകയുള്ളൂ. രത്നത്തിന്റേയും മറ്റും ഗുണത്തേയും ദോഷത്തേയും തിരിച്ചറിയാനുള്ള കഴിവ് ശാസ്ത്രം പഠി ച്ചതുകൊണ്ടുമാത്രം ഉണ്ടാകുന്നില്ല" എന്ന വാക്യം മഹത്വ പൂർണ്ണ മാണ്. ചികിത്സകനെ സംബന്ധിച്ച് ഏറ്റവും ശ്രദ്ധേയമാണ് ആ ഉപദേശം. പണ്ട് ഗുരുശുശ്രൂഷ ചെയ്ത് താമസിച്ച് ശാസ്ത്രം പഠിച്ചിരുന്ന കാലത്ത് മറ്റെന്ത് കുറവ് ചൂണ്ടിക്കാണിക്കാനുണ്ടായി രുന്നാലും, ദ്രവ്യപരിചയത്തിന്റെയും കർമ്മപരിചയത്തിന്റെയും കുറവ് ഒരിക്കലും ഉണ്ടായിരുന്നില്ല. ശാസ്ത്രചർച്ചയിൽ പോരാതെ വന്നേക്കാവുന്നത്, ദൃഷ്ടകർമ്മത്വം മൂലം നല്ലോരളവും പരിഹരിക്ക പ്പെട്ടുവന്നിരുന്നു എന്നത് അംഗീകരിക്കപ്പെട്ടേ കഴിയൂ. ലേഖനം എഴുതാനോ പ്രസംഗിക്കാനോ വാദപ്രതിവാദം നടത്താനോ മറ്റോ ഒരുപക്ഷെ കഴിവ് കുറഞ്ഞാലും, തന്നെ സമീപി ക്കുന്ന രോഗികളെ നിഷ്കർഷയോടെ ചികിത്സിച്ച് രോഗശാന്തി വരുത്തുന്നതിനും ആവശ്യമായ ആത്മവിശ്വാസവും വ്യക്തമായ കാഴ്ചപ്പാടും അവർക്കുണ്ടായിരുന്നു. മറ്റെല്ലാതരത്തിലും മേന്മയുറ്റതെന്നു പറയാമെങ്കിലും ആത്മവിശ്വാസത്തിന്റെയും കാഴ്ചപ്പാടിന്റെയും കാര്യത്തിലാണ് ഇന്ന് നടപ്പിലുള്ള ആയുർവേദ വിദ്യാഭ്യാസത്തിനു പോരായ്മയുള്ളത് എന്ന് പറയേണ്ടിയിരിക്കുന്നു. ബിരുദം നേടി

പുറത്തുവന്നാൽ എങ്ങനെ ജീവിക്കും എന്ന പരിഭ്രമം നൂതന വൈദ്യവിദ്യാർത്ഥികൾക്കുള്ളതുപോലെ തോന്നുന്നു. എങ്ങനെയെങ്കിലും സർക്കാരുദ്യോഗത്തിന്റെ സുരക്ഷിതത്ത്വത്തിൽ കയറിപ്പറ്റുന്നതിനെക്കുറിച്ചാണധികം പേരും ചിന്തിക്കുന്നത്. ഈ ആത്മവിശ്വാസത്തിന്റെ കുറവ് എങ്ങനെ പരിഹരിക്കുമെന്നു ചിന്തിക്കുന്നത് വൈദ്യവിദ്യാർത്ഥികൾക്കു പ്രയോജനപ്പെടുമെന്ന് തോന്നുന്നു. പഠിത്തവും പരീക്ഷയും കഴിഞ്ഞ ഉടനെ ഹസ്തലബ്ധമായ സർക്കാർ ജോലി വേണ്ടെന്നു വച്ച് സ്വതന്ത്രമായി ചികിത്സാരംഗത്തേക്കിറങ്ങിവന്ന ഒരാളാണീ ലേഖകൻ. ഒരിക്കലും ഒരു രോഗിയെക്കണ്ടാൽ എന്തു ചികിത്സിക്കും എങ്ങനെ ചികിത്സിക്കും എന്ന പരിഭ്രമം ഉണ്ടായിട്ടില്ല. ആ അനുഭവത്തെ അടിസ്ഥാനമാക്കി എഴുതുന്നതാണ് യുവവൈദ്യന്മാരെ ഉദ്ദേശിച്ചുള്ള ഈ ലേഖനം.

ഒന്നാമത് വേണ്ടത് നിരന്തരമായ ശാസ്ത്രപരിശീലനമാണ് എന്നു പറയേണ്ടിയിരിക്കുന്നു. ആയുർവേദത്തിലെ മൌലികസിദ്ധാന്തങ്ങളുടെ യുക്തിഭദ്രത അനുഭവം കൊണ്ടേ ബോധ്യപ്പെടുകയുള്ളൂ. ശാസ്ത്രമാത്രപരായണത്വമല്ല ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്. ശാസ്ത്രസദ്ഭാവം കൂടാതെയുള്ള ശാസ്ത്രമാത്രപരായണത്തെ ആചാര്യന്മാർ അനുവദിക്കുന്നില്ല.

> "അജ്ഞാതശാസ്ത്രസദ്ഭാവാൻ ശാസ്ത്രമാത്രപരായണാൻ
> ത്യജേദ്ദൂരാദ്ഭിഷക്പാശാൻ പാശാൻ വൈവസ്വതാനിവ"

നിരന്തരമായ ശാസ്ത്രപരിശീലനം കൊണ്ടും അനുഭവത്തിൽ നിന്നും പുഷ്ടിപ്പെടുന്നതായ ആത്മവിശ്വാസം കൊണ്ടും രൂപം പ്രാപിക്കുന്ന ഒരുതരം സംസ്കാരമാണ് ശാസ്ത്രസദ്ഭാവജ്ഞാനം എന്നതുകൊണ്ടുദ്ദേശിക്കപ്പെടുന്നത്. അത്തരത്തിലുള്ള സംസ്കാരംകൊണ്ട് സമ്പന്നനായ ചികിത്സകന്, ദൂഷ്യം, ദേശം, ബലം, കാലം, അനലം, പ്രകൃതി, വയസ്, സത്വം, സാത്മ്യം, ആഹാരം, അവസ്ഥാവിശേഷങ്ങൾ എന്നിവയെല്ലാം വലിയ ക്ലേശം കൂടാതെ, അധികം

സമയം കൂടാതെ തന്നെ നിരീക്ഷണത്തിൽപെടുകയും, ദോഷൌഷധനിരൂപണം അനായാസമായിത്തീരുകയും ചെയ്യും.

അങ്ങനെ ശാസ്ത്രത്തിലുള്ള, ശാസ്ത്രീയമായ ഒരു താത്പര്യം യുവാക്കളിൽ വളർത്തിയെടുക്കുന്നതിന് നമ്മുടെ കോളേജുകളിലെ അദ്ധ്യാപനത്തിന് എന്തുകൊണ്ട് കഴിയുന്നില്ല എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. അതിനുള്ള കാരണം പരീക്ഷയെ മാത്രം ഉന്നം വച്ചുള്ള പഠിക്കലും പഠിപ്പിക്കലും ആകുമെന്നു തോന്നുന്നു. ചികിത്സാവിഷയകമായ പ്രാവീണ്യം നേടുന്നതിനും നൽകുന്നതിനുമുള്ള സാഹചര്യത്തെ ഉളവാക്കാൻ എന്തുകൊണ്ടോ നമ്മുടെ ആയുർവേദ കോളേജുകൾക്ക് കഴിയുന്നില്ല എന്നത് ഒരു വാസ്തവം മാത്രമാകുന്നു. ബിരുദം നേടി പുറത്തു വരുന്ന യുവവൈദ്യന്മാരോട് സംഭാഷണം ചെയ്യുമ്പോൾ ഉണ്ടാകുന്ന അഭിപ്രായമാണിത്. അവർ പലപ്പോഴും സ്വന്തം ആത്മവിശ്വാസക്കുറവ് ഏറ്റുപറയുന്നതായിക്കാണാം.

"ആചാര്യാത് പാദമാദത്തെ പാദം ശിഷ്യഃ സ്വമേധയാ
പാദം സബ്രഹ്മചാരിഭ്യഃ പാദം കാലക്രമേണ ച"

എന്ന ലോകയുക്തിക്കനുസരിച്ച് വൈദ്യപാദനായിട്ടാണ് യുവവൈദ്യന്മാർ പുറത്തുവരുന്നത്. (മുൻപ് ഷൊർണ്ണൂർ ആയുർവേദ കോളേജിൽ നിന്ന് നൽകപ്പെട്ടിരുന്ന ബിരുദം 'വൈദ്യപാദനാ'യിരുന്നു. വിദ്യകൊണ്ടും തദ്വിദ്യസംഭാഷണം കൊണ്ടും വൈദ്യപാദൻ വൈദ്യപാദർ ആകേണ്ടിയിരിക്കുന്നു. ബഹുവചനമാകുമ്പോൾ പൂജ്യനായ വൈദ്യൻ എന്നർഥം സിദ്ധിക്കുന്നു.) ആ വിഷയത്തിൽ പഠിച്ചതിനെ പരിചയിച്ചു ബോദ്ധ്യപ്പെടുന്നതിനു കഴിയായ്കയാണ് ആത്മവിശ്വാസത്തിന്റെ കുറവിനു കാരണം.

"പ്രത്യക്ഷതശ്ച യദ്ദൃഷ്ടം ശാസ്ത്രദൃഷ്ടം ച യദ്ഭവേത്
സമാസതസ്തദുഭയം ഭൂയോ ജ്ഞാനവിവർദ്ധനം"

എന്ന ഉപദേശം ശാരീരത്തിനോ ശല്യതന്ത്രത്തിനോ മാത്രം ബാധകമല്ല, ചികിത്സയ്ക്കാകമാനം ബാധകമാകുന്നു.

ഇങ്ങനെ ഒഴിച്ചുകൂടാത്ത ആത്മവിശ്വാസം പഠിക്കുന്നവർക്കും പഠിച്ചുകഴിഞ്ഞവർക്കും എങ്ങനെ ഉണ്ടാക്കാം എന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. അദ്ധ്യാപനത്തിന്റെ സൌകര്യത്തിലും സാഹചര്യത്തിലും എങ്ങനെ മാറ്റം വരുത്തിയാൽ അത് സാധിക്കുമെന്ന് ആ വിഷയവുമായി ബന്ധപ്പെട്ടവർ ചിന്തിക്കേണ്ടതാണ്. അലോപ്പതിയിൽ മെഡിക്കൽ കോളേജുകൾക്ക് അനാദൃശ്യമായ പ്രസക്തിയാണല്ലോ ഉള്ളത്. ആയുർവേദ കോളേജുകളോട് അനുബന്ധിച്ചുള്ള ആശുപത്രികൾ ആ മേന്മ കുറേക്കൂടി കൈവരിക്കേണ്ടതുണ്ട്. പ്രായോഗികപരിചയം കുറേക്കൂടി വേണമെങ്കിൽ ചികിത്സാരംഗത്ത് പ്രശോഭിക്കുന്ന വൈദ്യന്മാരുടെ സമ്പർക്കത്തിനുള്ള സൌകര്യമുണ്ടാക്കുകയാണ് വേണ്ടത്. നല്ല ചികിത്സകർ എന്നറിയപ്പെടുന്നവർ, ആ നിലയ്ക്ക് രോഗികൾ ധാരാളമായി സമീപിക്കുകയും രോഗനിവൃത്തി നേടുകയും ചെയ്യുന്ന വൈദ്യന്മാർ, ഇപ്പൊഴും കുറേ പേരെങ്കിലും ഓരോദിക്കിലുമുണ്ട്. അവരോടിട പഴകുകയും അവരുടെ അനുഭവങ്ങളിൽനിന്നും പാഠം പഠിക്കുകയും ചെയ്യാൻ കഴിയുകയാണെങ്കിൽ നിശ്ചയമായും ആയുർവേദത്തിന്റെ പ്രായോഗികതയിൽ വിശ്വാസവും പഠിച്ചത് പരി ചയിക്കാനുള്ള ആത്മവിശ്വാസവും ഉണ്ടാകുമെന്നതിനു സംശയമില്ലല്ലോ. ആത്മവിശ്വാസം ഉള്ളവരുടെ സാഹചര്യം കൊണ്ടല്ലാതെ ആത്മവിശ്വാസം ഉണ്ടാകുകയില്ല. അറിവിന്റെ വികാസം ഗ്രന്ഥമാത്രവ്യാഖ്യാനം കൊണ്ടുണ്ടാവുകയില്ല. അതിനൊന്നും അത്ര ചിലവില്ല. കുറച്ച് സന്മനോഭാവം മാത്രമേ വേണ്ടൂ. ആയുർവേദത്തിന്റെ യോഗ്യത മനസ്സിലാക്കാൻ അത്ര പറ്റിയ മറ്റൊരു മാർഗ്ഗമില്ല.

മറ്റൊരു ഗുണം തലമുറയിൽ നിന്നും തലമുറയിലേക്കുള്ള ശാസ്ത്രത്തിന്റെ പുരോഗതി അവിച്ഛിന്നം തുടരുമെന്നതാണ്. എന്നു മാത്രമല്ല കോളേജുകളിൽ നിന്നും പഠിച്ചു പുറത്തിറങ്ങുന്ന യുവവൈദ്യന്മാരെക്കുറിച്ചുള്ള മുതിർന്ന തലമുറയിലുള്ള പലർക്കുമുള്ള തെറ്റായ അഭിപ്രായങ്ങളെ (കോളേജ് വിദ്യാഭ്യാസം നല്ല ചികിത്സകരാക്കുന്നില്ല എന്നും മറ്റും) തിരുത്താനും അതു സഹായിച്ചേക്കും. പലപ്പോഴും കോളേജുകളിലെ സാങ്കേതികങ്ങളായ

അസൗകര്യങ്ങൾ മൂലം ഇത്തരം ഒരു പരിപാടി നടപ്പിലാക്കാൻ ബുദ്ധിമുട്ട് ഉണ്ടാകാം (ബുദ്ധിമുട്ട് ഉണ്ടാകേണ്ടതില്ല എന്നത് മറ്റൊരു കാര്യം). എന്നാൽ വിദ്യാർത്ഥികൾക്ക് അനൗദ്യോഗികമായി ഇത്തരം ജ്ഞാനസാധനയെക്കുറിച്ച് ആലോചിക്കാവുന്നതാണ്. മുടക്കുദിവസങ്ങളിൽ രണ്ടോ മൂന്നോ പേർ ചേർന്ന് അത്തരം പ്രശസ്തരായ ചികിത്സകരെ സന്ദർശിക്കുകയും കുറെയൊക്കെ വിജ്ഞാനതൃഷ്ണയെ പ്രകാശിപ്പിക്കുകയും ചെയ്താൽ അനുഭവങ്ങളെ പങ്കിടാൻ അവർ സന്നദ്ധരാകാതിരിക്കയില്ല. പലപ്പോഴും അവർ എങ്ങനെ രോഗികളെ പരിശോധിക്കുന്നു, രോഗത്തെ നിർണയിക്കുന്നു, ചികിത്സ നിശ്ചയിക്കുന്നു, എന്നത് ശ്രദ്ധയോടെ നോക്കിക്കണ്ടാൽ തന്നെ മതിയാകും. ഗ്രന്ഥത്തിൽ പഠിച്ചിട്ടുള്ളതും മനസ്സിലാക്കിയിട്ടുള്ളതും, നേരിട്ടുകാണാവുന്നതും അനുഭവപ്പെടുത്തുന്നതും തമ്മിലുള്ള വ്യത്യാസത്തെയും അതിലുള്ള യുക്തിയെയും ഔചിത്യത്തെയും മനസിലാക്കാൻ ശ്രമിക്കാവുന്നതാണ്. പലപ്പോഴും സമാധാനം തൃപ്തികരമായി എന്നു വന്നേ ക്കുകയില്ല. പക്ഷെ ചിന്തിക്കാൻ വക നൽകുന്നതും ചിന്തിപ്പിക്കുന്നതും ആകും എന്നതിന് സംശയമില്ല. ഒരു ഡിസ്ട്രിക്റ്റിൽ ഉള്ള വൈദ്യസ്ഥാപനങ്ങൾ ഓരോന്നായി അവയുടെ പ്രവർത്തനത്തിന് അസൗകര്യം ആകാത്ത വിധം സന്ദർശിക്കുകയും അധികം പ്രയോജനകരമെന്ന് തോന്നുന്ന സ്ഥാപനങ്ങളെയും ചികിത്സകരെയും വീണ്ടും പിന്നെയും സന്ദർശിക്കാവുന്നതാണ്. സാമാന്യമായി ശാസ്ത്രം പഠിച്ചിട്ടുള്ള ഒരാൾക്ക് – ഫൈനൽ ഇയർ വിദ്യാർത്ഥിക്ക് ഇപ്രകാരം പത്തോ പതിനഞ്ചോ സന്ദർശനങ്ങൾ കൊണ്ട് പ്രധാനപ്പെട്ട കേസുകൾ പഠിക്കാൻ ഇടവന്നാൽ, ചികിത്സയിൽ സ്വീകരിക്കേണ്ട മാനദണ്ഡത്തെയും സമീപനത്തെയും കുറിച്ച് ഒരവബോധം ഉണ്ടാകാതിരിക്കയില്ല. അതനുസരിച്ച് ചികിത്സാവൃത്തിയിൽ ഏർപ്പെട്ടു തുടങ്ങിയാൽ, അചിരേണ ആത്മവിശ്വാസം ഉണ്ടാകുമെന്നതിന് സംശയമില്ല. സർക്കാർ ജോലി കിട്ടിയില്ലെങ്കിൽ, മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ ശമ്പളക്കാരനായി നിന്നില്ലെങ്കിൽ ജീവിക്കാൻ കഴിയില്ലെന്ന വിചാരം തികച്ചും തെറ്റിദ്ധാരണ കൊണ്ടുണ്ടാ

കുന്നതാണെന്നുള്ളതിൽ സംശയമില്ല. പരീക്ഷയിൽ ജയിച്ചു എന്നതുകൊണ്ട് ശാസ്ത്രത്തോടുള്ള ബന്ധം വിടാതെ ഓരോവിധത്തിൽ അറിവിനെ വികസിപ്പിച്ചുകൊണ്ട് ചികിത്സയ്ക്ക് അത്യാവശ്യം വേണ്ട ഔഷധങ്ങൾ ശേഖരിച്ചുകൊണ്ട് ചികിത്സിച്ചു തുടങ്ങിയാൽ അധികം വൈകാതെ പേരും പ്രശസ്തിയും ധനവും മാനവും സിദ്ധിച്ചു തുടങ്ങുമെന്നതിനു സംശയമില്ല. അലോപ്പതി ഡോക്ടർമാർക്കിടയിൽ സർക്കാർ ജോലി വിട്ടു സ്വന്തം നിലയിൽ ചികിത്സാവൃത്തിയിൽപ്പെടുന്നവരുടെ എണ്ണം കൂടി വരുന്നതായി കാണുന്നു. ചികിത്സാസ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഔദ്യോഗികവും അനൗദ്യോഗികവുമായി പലസഹായങ്ങളും കിട്ടാനിടയുണ്ട്. അതെല്ലാം വഴിപോലെ ഉപയോഗപ്പെടുത്താൻ കഴിയണമെന്നു മാത്രം.

ഈ ലേഖനത്തിന്നടിസ്ഥാനം ഈ ലേഖകന് യുവചികിത്സകരുമായി ഉണ്ടായ പരിചയമാണ്. അവരിൽ മിക്കവർക്കും ചെറിയ തോതിലുള്ള മാർഗനിർദേശമേ വേണ്ടൂ, നേർവഴിക്ക് തിരിയുവാൻ എന്ന് പലപ്പോഴും തോന്നാറുണ്ട്. ചികിത്സാവിഷയകമായി സംശയം തീർക്കുന്നതിനും ചിലപ്പോൾ രോഗികളെത്തന്നെ പരിശോധിപ്പിക്കുന്നതിനും പലരും വരാറുണ്ട്. എങ്ങനെ രോഗിയെ പരിശോധിക്കുന്നു, എങ്ങനെ ദോഷൗഷധനിരൂപണം ചെയ്യുന്നു എന്ന് യുക്തിയുക്തമായി വിശകലനം ചെയ്തുകേൾക്കുമ്പോൾ, സന്ദർഭത്തിനൊത്ത ശാസ്ത്രഭാഗത്തേക്ക് വിരൽ ചൂണ്ടുക കൂടി ചെയ്യുമ്പോൾ, അവരുടെ മുഖത്ത് കളിയാടുന്ന പ്രകാശം എന്നെ സന്തോഷിപ്പിക്കാറുണ്ട്. മൂന്നോ നാലോ പ്രാവശ്യം ഇത്തരം സന്ദർഭങ്ങൾ കഴിയുന്നതോടുകൂടി ആയുർവേദത്തിലും അവനവനിലും വർദ്ധിച്ച വിശ്വാസത്തോടുകൂടിയവനായിത്തീരുന്നു അവരെന്നത് സാധാരണമായ അനുഭവം മാത്രമാണ്.

■